# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

RCS/14/2020-EB(1)

തിരുവനന്തപുരം, തീയതി, 29.07.2020

website: www.cooperation.kerala.gov.in

e-mail: keralarcs.coop@kerala.gov.in

വിഷയം: സഹകരണ വകുപ്പ് - ജീവനക്കാര്യം - 31.07.2020 അപരാഹ്നം സർവ്വീസിൽ നിന്നും വിരമിക്കുന്ന ഗസറ്റഡ് ഉദ്യോഗസ്ഥൻ വഹിച്ച വരുന്ന തസ്തികയുടെ ചുമതല കൈമാറുന്നതിനുള്ള നിർദ്ദേശം - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നത് - സംബന്ധിച്ച്.

സഹകരണ വകുപ്പിൽ ഗസറ്റഡ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന താഴെ പറയുന്ന ഉദ്യോഗസ്ഥൻ 31.07.2020-ന് സർവ്വീസിൽ നിന്നും വിരമിക്കുകയാണ്. ടി ഉദ്യോഗസ്ഥനെ 31.07.2020 അപരാഹ്നം സർവ്വീസിൽ നിന്ന് വിരമിയ്ക്കുന്നതിന് അനുവദിച്ചുകൊണ്ടും, ടി ഉദ്യോഗസ്ഥൻ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല ടിയാന്റെ പേരിന് നേരെ കാണിച്ചിരിക്കുന്ന ആഫീസർക്ക് കൈമാറുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.COVID-19-ന്റെ പശ്ചാത്തലത്തിൽ സർക്കാരും, പ്രാദേശിക ഭരണ സ്ഥാപനങ്ങളും പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കനുസരണമായുള്ള മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ട് വിരമിക്കലിനെ തുടർന്നുള്ള ചുമതലകൈമാറ്റം ക്രമീകരിക്കേണ്ടതാണ്.

| ക്രമ നം. | സർവ്വീസിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥരുടെ പേരും തസ്തികയും | വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറ്റി നൽകേണ്ട ഉദ്യോഗസ്ഥൻ |
|---|---|---|
| 1 | ശ്രീ. വി.ഗണേശൻ,<br>ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം),<br>ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആഫീസ്, കോഴിക്കോട് | അസിസ്റ്റന്റ് രജിസ്ട്രാർ(പ്ലാനിംഗ് )<br>ജോയിന്റ് രജിസ്ട്രാർ(ജനറൽ)<br>ആഫീസ്, കോഴിക്കോട് |

ടി ഉദ്യോഗസ്ഥൻ വഹിച്ചു വരുന്ന തസ്തികയ്ക്ക് പുറമെ മറ്റേതെങ്കിലും തസ്തികയുടെ/കളുടെ അധിക ചുമതല വഹിക്കുകയാണെങ്കിൽ ആയതിന്റെ ചുമതല കൂടി വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറ്റം ചെയ്യപ്പെടേണ്ട ആഫീസർക്ക് കൈമാറേണ്ടതാണ്.

ടി ഉദ്യോഗസ്ഥൻ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറിയതിന്റെയും, നിയമിക്കപ്പെട്ട തസ്തികയുടെ ചുമതല ഏറ്റെടുത്തതിന്റെയും ചുമതലാ കൈമാറ്റ റിപ്പോർട്ട് യഥാസമയം അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം, സഹകരണ സംഘം രജിസ്ട്രാർ എന്നിവർക്ക് യഥാസമയം അയയ്ക്കേണ്ടതാണ്.

(ഒപ്പ് ),
ഡി.കൃഷ്ണകുമാർ
അഡീഷണൽ രജിസ്ട്രാർ (ജനറൽ)

വ്യക്തികൾക്ക്:

പകർപ്പ്:

1) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഗവൺമെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
4) ജോയിന്റ് രജിസ്ട്രാർ (ജനറൽ), കോഴിക്കോട്,
5) ജില്ലാ ട്രഷറി ആഫീസർ, കോഴിക്കോട്,
6) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എ)